പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 137

13-06-2014 ൽ മറുപടിക്ക്

# അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.വി.എസ്. സുനിൽ കുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.കെ.രാജു | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആകെ എത്ര അഗ്രോ ക്ലിനിക്കുകൾ ഉണ്ട്; ഇവയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ എത്ര ; പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ആകെ 250 ഫാം ഫീൽഡ് സ്കൂളുകളും 35 അഗ്രോ സർവ്വീസ് സെന്ററുകളും അഗ്രോ ക്ലിനിക്കുകളായി പ്രവർത്തിക്കുന്നു. കൂടാതെ 75 മൊബൈൽ അഗ്രോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.<br>അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെ പറയുന്നു.<br>1. പ്രാദേശിക കൃഷി വിളകൾക്ക് ഉണ്ടാകുന്ന രോഗ കീടബാധ കൃഷിയിടം സന്ദർശിച്ച് തിരിച്ചറിഞ്ഞ് യുക്തമായ പ്രതിവിധി നിർദ്ദേശിക്കുന്നു.<br>2. മണ്ണിന്റെ പോഷകമൂല്യങ്ങളിലുള്ള വ്യത്യാസം മൂലം കൃഷിക്കുണ്ടാകുന്ന ദോഷവശങ്ങൾ കണ്ടെത്തി ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.<br>3. മണ്ണ് പരിശോധന നടത്തി മണ്ണിലെ പോഷകക്കുറവ് മനസ്സിലാക്കി അതനുസരിച്ചുള്ള വളപ്രയോഗ മാർഗ്ഗങ്ങൾ സംബന്ധിച്ച് കർഷകർക്ക് ശുപാർശ നൽകുന്നു.<br>4. കൃഷിയിലെ നവീന കൃഷിമുറകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കർഷകരിൽ എത്തിക്കുന്നു.<br>5. കർഷക ക്ഷേമവുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ പരിപാടികളും അഗ്രോ ക്ലിനിക്ക് വഴി ചെയ്യുന്നു. |

| | |
|---|---|
| (ബി) നെല്ല്, നാളികേരം, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകൾ, ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവ കൃഷി ചെയ്യുന്ന കർഷകർക്ക് അഗ്രോ ക്ലിനിക്കുകളിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) നെല്ല്, നാളികേരം, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകൾ, ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവ കൃഷി ചെയ്യുന്ന കർഷകർക്ക് അഗ്രോ ക്ലിനിക്കുകളിൽ നിന്നും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ നിന്നും വിളകളുടെ ആരോഗ്യ സംരക്ഷണത്തിനും വിളവ് വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രായോഗിക നിർദ്ദേശങ്ങളും പ്രശ്ന പരിഹാരങ്ങളും നൽകിവരുന്നുണ്ട്. |
| (സി) അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു? | (സി) ഉണ്ട്.<br>ലീഡ്സ് പദ്ധതി പ്രകാരം കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ അഗ്രോ ക്ലിനിക്കുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>35 അഗ്രോ സർവ്വീസ് സെന്ററുകൾ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ പ്രവർത്തിച്ചു വരുന്നു. ഇവയും അഗ്രോ ക്ലിനിക്കുകളായി പ്രവർത്തിക്കുന്നു.<br>പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് മുഖേന കീടരോഗ നിയന്ത്രണത്തിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ കർഷകർക്ക് പ്രിന്റ് ചെയ്ത് നൽകുന്നുണ്ട്.<br>കുട്ടനാട്ടിലെ പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനായി കുട്ടനാട് മേഖലയിൽ 11 ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ